**A** **602**

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

**ക്ലാസ് - 6** **കേരളപാഠാവലി** **സമയം -2 മണിക്കൂർ**

---

*നിർദേശങ്ങൾ*

1. *മൂല്യ നിർണയത്തിന്റെ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ചുമനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)*
2. *ആകെ 6 ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ നന്നായി അറിയാവുന്ന 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.*
3. *ഉപചോദ്യങ്ങൾ ഉണ്ടെങ്കിൽ ചോദ്യനമ്പരിനോടൊപ്പം (എ), (ബി) എന്നിങ്ങനെ എഴുതണം.*

---

### പ്രവർത്തനം 1 : അഭിപ്രായക്കുറിപ്പ്

എ) *ഗേറ്റ് പൂട്ടിയിരിക്കുന്നത് നല്ല ഉറപ്പുള്ള ഒരു പൂട്ടുകൊണ്ടായിരുന്നു. ആ വഴി വന്ന ഇരുമ്പു വടിക്ക് എത്ര ശ്രമിച്ചിട്ടും പൂട്ടിനകത്തേക്കു കടക്കാൻ പറ്റിയില്ല.*

*അല്പ സമയത്തിനു ശേഷം അതുവഴി വന്ന ഒരു താക്കോൽ പൂട്ടിനകത്തേക്കു നിഷ്പ്രയാസം കയറുകയും ഞൊടിയിടയിൽ പൂട്ട് തുറക്കുകയും ചെയ്തു.*

*ഇതുകണ്ട് അമ്പരന്ന ഇരുമ്പുവടി താക്കോലിനോട് ചോദിച്ചു: "ഞാനെത്രശ്രമിച്ചിട്ടും കയറാൻ പോലും സാധിക്കാത്ത പൂട്ട് നിങ്ങൾ ഇത്രയെളുപ്പം തുറന്നതെങ്ങനെയാണ്? "*

*"എനിക്ക് പൂട്ടിന്റെ ഹൃദയത്തിലേക്കുള്ള വഴി അറിയാമായിരുന്നു." താക്കോൽ പറഞ്ഞു.*

കഥ വായിച്ചുവല്ലോ. കഥയിലെ താക്കോൽ, ഹൃദയത്തിന്റെ വഴിയറിഞ്ഞ് തന്റെ ചുമതല നിർവഹിക്കുന്നു. തലമുറകളുടെ ഹൃദയം കവർന്ന പ്രവൃത്തിയാണ്. തടസ്സം മറികടന്ന് മേജർ ജോർജ് ഗഫൽസ് യാഥാർഥ്യമാക്കിയത്. പാഠഭാഗത്തെ ഉള്ളടക്കവും കഥയിലെ ആശയവും ബന്ധിപ്പിച്ച് അഭിപ്രായക്കുറിപ്പു തയാറാക്കുക.

ബി) ആ ഉദ്യമത്തിൽ ഞാൻ വിജയിക്കുകയും ചെയ്തു.

അടിവരയിട്ട പദത്തിന് പകരം പദം എഴുതുക (വിശ്രമം, പരിശ്രമം, കഠിനം)

## പ്രവർത്തനം 2 : ആസ്വാദനക്കുറിപ്പ്

'മഞ്ഞുതുള്ളി' എന്ന കവിത ക്ലാസിൽ ചർച്ച ചെയ്തതാണല്ലോ? സമാനമായ ഒരു കവിതയാണ് മോഹനകൃഷ്ണൻ കാലടിയുടെ 'തേങ്ങൽപ്പാടം'.

### തേങ്ങൽപ്പാടം

*പാടത്ത് മൂവന്തി വന്നുനിന്നു,*
*മേയുന്ന പൈക്കൾ മടക്കമായി*
*മാളിക കേറ്റുവാൻ സമ്മതിച്ച്*
*മണ്ണിട്ടു തൂർക്കുവാൻ ഒപ്പുവച്ച്*
*തന്റെ ജന്മത്തിന്നൊടുവിലത്തെ*
*കൊയ്ത്തും മെതിയും കഴിഞ്ഞ പാടം*
*പന്തു കളിക്കും കിടാങ്ങളെക്ക-*
*ണ്ടെന്തിനാവോ വെയിൽ മൂകമായി*
*കൈതയോടെന്തോ പറഞ്ഞുനിൽക്കേ,*
*കാറ്റിന്റെ കൺകൾ നിറഞ്ഞുപോയി.*

(തൂർക്കുവാൻ - നികത്തുവാൻ)

പരിസ്ഥിതി സ്നേഹവും ജൈവവൈവിധ്യവും മാനവികതയും ഉയർത്തിക്കാട്ടുന്ന കവിതകളാണിവ. 'തേങ്ങൽപ്പാടം' വായിച്ച് ആസ്വാദനക്കുറിപ്പു തയാറാക്കുക.

## പ്രവർത്തനം 3 : കഥാപാത്ര നിരൂപണം




ഹാമെലിൻ പട്ടണത്തിലെ മുഴുവൻ എലികളെയും തുരത്തിയ കുഴലൂത്തുകാരൻ മടങ്ങിയത് ആ നാട്ടിലെ കുട്ടികളെയും കൊണ്ടാണ്. കുഴലൂത്തുകാരൻ എന്ന കഥാപാത്രത്തിന്റെ ജീവിത കാഴ്ചപ്പാടുകൾക്കും കഥയിലെ സംഭവങ്ങൾക്കും ഈ കാലഘട്ടത്തിൽ എത്രത്തോളം പ്രസക്തിയുണ്ട്. നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി **കഥാപാത്രനിരൂപണം** തയാറാക്കുക.

## ആൽമരവും മുളകളും

***ശക്തമായ കൊടുങ്കാറ്റിൽ കടപുഴകിയ ഒരാൽമരം ദൂരെയുള്ള മുളച്ചെടികളുടെ ഇടയിലേയ്ക്ക് ചെന്നു വീണു. അവിടെ കിടന്നുകൊണ്ട് ആൽമരം മുളകളോട് ചോദിച്ചു ഇത്ര മെലിഞ്ഞ, ക്ഷയിച്ച നിങ്ങൾ എങ്ങനെ ഈ കൊടുങ്കാറ്റിനെ അതിജീവിച്ചു?***

***മുളകൾ പ്രതിവചിച്ചു:***

***"നീ കാറ്റിനോട് എതിർത്തു നിൽക്കാനും കിടപിടിക്കാനുമാണ് നോക്കാറുള്ളത്. ഞങ്ങളാകട്ടെ ഇളംകാറ്റ് ചെറുതായിട്ടൊന്ന് വീശിയാൽ തന്നെ കുനിഞ്ഞു കൊടുക്കും. അതിനാൽ ഒടിഞ്ഞു പോകില്ല."***

വായിച്ച കഥയെ അടിസ്ഥാനമാക്കി കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, പശ്ചാത്തലവിവരണം, ഭാവപ്രകടനം എന്നിവ ചേർത്ത് നാടകം തയാറാക്കുക

## പ്രവർത്തനം 5 : വായനക്കുറിപ്പ്

എ) *നേരമില്ലുണ്ണിക്കു നേരമില്ല*
*നേരമ്പോക്കോതുവാൻ നേരമില്ല.*
*മുറ്റത്തെ മാവിന്റെ തോളിലൊന്നേറുവാൻ*
*മാറിലൊന്നാടുവാൻ നേരമില്ല.*
*തുമ്പിയെക്കൊണ്ടൊരു കല്ലെടുപ്പിക്കുവാൻ*
*തുമ്പപ്പൂവൊന്നു പറിച്ചീടുവാൻ*
*നാലുകാൽ നാട്ടിയോരോലപ്പുരകെട്ടി*
*കഞ്ഞി വച്ചീടുവാൻ നേരമില്ല*
*നെല്ലിമരത്തിലേക്കാഞ്ഞൊന്നെറിയുവാൻ*
*കല്ലെടുത്താലമ്മ കണ്ണുരുട്ടും*
*ഊഞ്ഞാലുകെട്ടാൻ തുടങ്ങിയാലമ്മയെൻ*
*തുടയിലടിക്കുവാനോടിടയെത്തും.*
*കൂട്ടുകാരൊത്തൊന്നു കൂട്ടുകൂടി*
*പൊട്ടിച്ചിരിക്കുവാൻ നേരമില്ല*

**(എടപ്പാൾ സുബ്രഹ്മണ്യൻ)**

- കവിതയിലെ കുട്ടിയുടെ സങ്കടം കണ്ടില്ലേ. കുട്ടിയുടെ ആഗ്രഹങ്ങൾക്ക് തടസമായ കാര്യങ്ങൾ എന്തൊക്കെയാവും? കവിതയെ മുൻനിർത്തി വായനക്കുറിപ്പു തയാറാക്കു.

ബി) 'താണവർ തൻപേരിലിത്രമേലാർദ്രത
കാണുവാനെങ്ങുണ്ടു മന്നിൽ വേറെ'

- മഞ്ഞുതുള്ളിയുടെ ഏതു ഭാവമാണ് വരികളിൽ കാണുവാൻ കഴിയുന്നത്?

## പ്രവർത്തനം 6 : താരതമ്യക്കുറിപ്പ്

*പോകല്ലേ! പോകല്ലേ! ഞങ്ങളെ കൈവിട്ട്*
*നാകത്തേക്കെൻ മഞ്ഞുതുള്ളികളേ!*
*പുല്ലുകളെങ്ങുമേ നിങ്ങളാൽ മിന്നുന്നു*
*കൽമുടി ചൂടിന റാണിമാരായ്.*

(ഉള്ളൂർ. എസ്. പരമേശ്വരയ്യർ)

*നിന്നിൽക്കുരുക്കുന്ന കറുകയുടെ നെറുകയിലെ*
*മഞ്ഞുനീർത്തുള്ളിയിൽപ്പോലും*
*ഒരുകുഞ്ഞുസൂര്യനുണ്ടതു കണ്ടുദിച്ചിതെൻ*
*കരളിലൊരു വിസ്മയവിഭാതം*

(ഒ.എൻ.വി. കുറുപ്പ്)

(നെറുക - നെറ്റി, വിഭാതം - പ്രഭാതം)

പ്രശസ്തമായ രണ്ട് കവിതകളിലെ വരികളാണിവ. ആശയങ്ങൾ ശ്രദ്ധിച്ചുവല്ലോ. ഈ രണ്ടു കവിതകളുടെയും സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി സ്വന്തം അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തു താരതമ്യക്കുറിപ്പ് തയാറാക്കുക.